(ബി) ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ കേരള ഹൈക്കോടതിയിൽ നിലവിലുണ്ടോ ;

(സി) നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 391 സംഘങ്ങളുടെ ലിസ്റ്റ് തെരഞ്ഞെടുപ്പിലെ ആവശ്യത്തിലേക്ക് തയ്യാറാക്കിയത് ഇലക്ടറൽ ആഫീസർക്ക് നൽകുകയും ഇലക്ടറൽ ആഫീസറായ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ 31-3-2003-ന് പരസ്യപ്പെടുത്തുകയും ചെയ്തപ്പോൾ വോട്ടർ പട്ടികയെ സംബന്ധിച്ച ലികിഡേറ്റ് ചെയ്തതും ഡോർമെന്റായി കിടക്കുന്നതുമായ സംഘങ്ങളെ നീക്കം ചെയ്യണമെന്ന അപേക്ഷ കിട്ടുകയുണ്ടായോ ;

(ഡി) ആയതിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമപരമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ലികിഡേറ്റ് ചെയ്തതും ഡോർമെന്റായി കിടക്കുന്നതുമായ സംഘങ്ങളെ നീക്കം ചെയ്യണമെന്ന അപേക്ഷകളിന്മേൽ വിശദമായ അന്വേഷണവും പരിശോധനയും നടത്തിയതിൽ ടി അപേക്ഷകൾ അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അവ നിരസിച്ച് തീർപ്പ് കല്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം നേടിയവർ

104 (1303) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മുന്ന് വർഷം മുമ്പ് എല്ലാ നിയമ നടപടികളും സ്വീകരിച്ച്, ജോയിന്റ് രജിസ്ട്രാറുടെ സമ്മതത്തോടുകൂടി ഒഴിവാക്കിയ 26 സംഘങ്ങളിൽ നിന്നും, തെരഞ്ഞെടുത്ത 13 സംഘങ്ങളിൽ ഇലക്ടറൽ ആഫീസർ എന്നാണ് അഡ്മിനിസ്ട്രേറ്റർമാരെ പോസ്റ്റ് ചെയ്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആരുടെ അപേക്ഷകളിന്മേലാണ് ഇവർക്ക് ജില്ലാ ബാങ്കിൽ അംഗത്വം നൽകിയത് ;

(സി) സഹകരണ നിയമ പ്രകാരം ജില്ലാ ബാങ്കിൽ വോട്ടവകാശമുള്ള അംഗത്വം നൽകാൻ ഇലക്ടറൽ ഓഫീസർക്ക് ഏത് സഹകരണ നിയമമാണ് അധികാരം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോടതി ഇടക്കാല ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇലക്ടറൽ ഓഫീസർ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സഹകരണ നിയമപ്രകാരം ജില്ലാ ബാങ്കിൽ വോട്ടവകാശമുള്ള അംഗത്വം നൽകാൻ ഇലക്ടറൽ ഓഫീസർക്ക് അധികാരമില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് അല്ലെങ്കിലും ഹൈക്കോടതിയിൽ ചില കേസുകൾ നിലവിലുണ്ട്.

(ഇ) ഉണ്ട്.

പാലക്കാട് സഹകരണ ആർട്സ് ആന്റ് സയൻസ് കോളേജ് സഹകരണ സംഘത്തിനെ സംബന്ധിച്ച കേസിൽ "സ്റ്റാറ്റസ്കോ" നിലനിർത്താൻ ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം

105 (1304) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം തിരുവനന്തപുരം ജില്ലയിൽ നിന്നും സഹകരണ നിയമപ്രകാരം സംഘം രജിസ്ട്രേഷനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ അപേക്ഷകളിന്മേൽ എത്ര എണ്ണം അനുവദിക്കപ്പെട്ടു, എത്ര എണ്ണം തള്ളപ്പെട്ടു എന്ന് അറിയിക്കാമോ ;

(സി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ ;

(ഡി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2001 മേയ് മാസത്തിനുശേഷം തിരുവനന്തപുരം ജില്ലയിൽ സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനുവേണ്ടി 76 (എഴുപത്തിയാറ്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 76 അപേക്ഷകൾ ലഭിച്ചതിൽ 43 എണ്ണം അനുവദിച്ചു. 13 എണ്ണം മടക്കി നല്കി. 15 എണ്ണം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly